**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4992** **20-07-2022 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക പരിശീലന വകുപ്പിലെ പൊതു സ്ഥലമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം മാനദണ്ഡങ്ങൾ പാലിച്ച് ഓൺലൈൻ മുഖേന സുതാര്യമായി നടത്തണമെന്ന നിർദ്ദേശം വ്യാവസായിക പരിശീലനവകുപ്പ് നടപ്പിലാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വ്യാവസായിക പരിശീലന വകുപ്പിലെ പൊതുസ്ഥലമാറ്റം ഓൺലൈൻ മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 2022 മാർച്ച് 15-ലെ ഒ.എ. 407/2022 ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനുള്ളിൽ വകുപ്പിൽ സർക്കാരിന്റെ പൊതു സ്ഥലം മാറ്റനയം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും കാലാവധി കഴിഞ്ഞിട്ടും പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കോടതി നിർദ്ദേശപ്രകാരം ഈ വർഷത്തെ പൊതുസ്ഥലം മാറ്റം ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2022 സെപ്റ്റംബർ 1 മുതൽ തീവ്രയജ്ഞ പരിപാടിയിലൂടെ നിർബന്ധമായും ഓൺ ലൈൻ ട്രാൻസ്ഫർ നടപ്പിലാക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | വ്യാവസായിക പരിശീലന വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | 3576 |
| (ഡി) | വ്യാവസായിക പരിശീലനവകുപ്പിൽ ഓൺലൈൻ മുഖേന പൊതുസ്ഥലമാറ്റം നടത്താത്തത് ഗൗരവത്തോടെ കണ്ട് വിഷയം പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ? | (ഡി) | വ്യാവസായിക പരിശീലന വകുപ്പിലെ പൊതുസ്ഥലമാറ്റം ഓൺ ലൈൻ മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ